"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - കാഞ്ഞീറ്റുകര എസ്.എൻ.ഡി.പി.വി.എച്ച്.എസ്. സ്കൂളിലെ ശ്രീ.രാജേഷ് ആർ.ന്റെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനം അംഗീകരിക്കുന്നത് - സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.10646/2025/GEDN തീയതി,തിരുവനന്തപുരം, 30-12-2025

---

പരാമർശം:- 1. ശ്രീ.രാജേഷ് ആർ.ന്റെ 14.07.2025 തീയതിയിലെ റിവിഷൻ ഹർജി

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 24.08.2025 തീയതിയിലെ ഇറ്റി3/15097/2025/ഡിജിഇ നമ്പർ റിപ്പോർട്ട്

**<u>ഉത്തരവ്</u>**

കാഞ്ഞീറ്റുകര എസ്.എൻ.ഡി.പി.വി.എച്ച്.എസ്. സ്കൂളിലെ ശ്രീ.രാജേഷ് ആർ.ന്റെ നിയമനം അംഗീകരിക്കണമെന്നാവശ്യപ്പെട്ട് ടിയാൾ സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിച്ചിട്ടുണ്ട്.

2. ഈ വിഷയത്തിൽ 26.08.2025 തീയതി ബന്ധപ്പെട്ടവരെ നേരിൽ കേട്ടു.

3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ്.

കാഞ്ഞീറ്റുകര എസ്. എൻ. ഡി. പി. എച്ച്. എസ് തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിന്റെ പരിധിയിൽ വരുന്ന മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളാണ്. ശ്രീ. രാജേഷ് ആർ -നെ എസ്.എൻ.ഡി.പി യോഗം സ്കൂൾസ് ജനറൽ മാനേജർ 28.10.2004 മുതൽ കാഞ്ഞീറ്റുകര എസ്. എൻ. ഡി. പി. എച്ച്. എസ്. -സിൽ എഫ്.ടി.സി.എം. തസ്തികയിൽ നിയമിക്കുകയും ടി നിയമനം തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിക്കുകയും ചെയ്തു. തുടർന്ന് ടിയാനെ 11.09.2017 മുതൽ ഓഫീസ് അറ്റന്റന്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഇതേ സ്കൂളിൽ തന്നെ നിയമിച്ചു. ടി സ്കൂളിലെ ഓഫീസ് അറ്റന്റന്റ് ക്ലർക്കായി സ്ഥാനക്കയറ്റം ലഭിച്ച ഒഴിവിലാണ് നിയമനം നടത്തിയത്.

2017-2018 അധ്യയന വർഷം കാഞ്ഞീറ്റുകര എസ്. എൻ. ഡി. പി. എച്ച്. എസ്. -ൽ 5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലായി ആകെ 71 കുട്ടികളാണ് ഉണ്ടായിരുന്നത്. കുട്ടികളുടെ എണ്ണം ശരാശരി 15 -ൽ താഴെയായതിനാൽ സ്കൂൾ മതിയായ എണ്ണം കുട്ടികളില്ലാത്ത വിഭാഗത്തിൽ ഉൾപ്പെടുന്നു. മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിൽ ചട്ടം 51A അവകാശികളുടെ പുനർ നിയമനവും പ്രഥമാധ്യാപക തസ്തികയിലെ സ്ഥാനക്കയറ്റവും മാത്രമേ റെഗുലർ വ്യവസ്ഥയിൽ അനുവദനീയമായുള്ളൂ. ടി കാരണത്താൽ ടി നിയമനം തിരുവല്ല ജില്ലാ

വിദ്യാഭ്യാസ ഓഫീസർ നിരസിച്ചിരുന്നു.

ബഹു. സുപ്രീം കോടതി മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളുകളിലെ അനധ്യാപക നിയമനവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സീനിയർമോസ്റ്റ് ചട്ടം 43 അവകാശി എന്ന നിലയിൽ ശ്രീ രാജേഷ് ആർ ന്റെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനം അംഗീകരിച്ച് നൽകണമെന്നാണ് റിവിഷൻ ഹർജിയിലെ ആവശ്യം. ഈ കേസിൽ കാഞ്ഞീറ്റുകര എസ് എൻ ഡി പി എച്ച് എസ്സിൽ ശ്രീ രാജേഷ് ആർ നെ സ്ഥാനക്കയറ്റം നൽകി നിയമിക്കുമ്പോൾ ടി സ്കൂളിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ശ്രീ ജയൻ ഡി 25/07/2001 മുതൽ നിയമനാംഗീകാരത്തോടെ തുടർന്ന് വന്നിരുന്നു. പ്രസ്തുത സാഹചര്യത്തിൽ ടി സ്കൂളിൽ ഒരു ഓഫീസ് അറ്റെൻഡന്റ് സേവനത്തിൽ ഉള്ളതിനാൽ മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളുകളിലെ അനധ്യാപക നിയമനാംഗീകാരം സംബന്ധിച്ച ഉത്തരവ് ശ്രീ രാജേഷ് ആർ.ന്റെ നിയമനാംഗീകാരത്തിൽ ബാധകമാകുന്നില്ല. ആയതിനാൽ ശ്രീ. രാജേഷ് ആർ.ന്റെ ഹർജിയിലെ ആവശ്യം പരിഗണനാർഹമല്ല എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ.രാജേഷ് ആർ -ന്റെ 11.09.2017 തീയതിയിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനം അംഗീകരിച്ച് നൽകണമെന്ന റിവിഷൻ ഹർജിയിലെ ആവശ്യം പരിഗണിക്കാനാവില്ല, ആയതിനാൽ ഹർജിക്കാരന്റെ ആവശ്യം നിരസിച്ച് അപ്രകാരം ശ്രീ.രാജേഷ് ആർ. സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

ശ്രീ.രാജേഷ് ആർ., ഓഫീസ് അറ്റൻഡന്റ്, എസ്.എൻ.എച്ച്.എസ്.എസ്., ചിതറ
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
ജനറൽ മാനേജർ, എസ്.എൻ.ഡി.പി. യോഗം സ്കൂൾസ്, കൊല്ലം
വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Resmi Babu
Date: 03-01-2026 12:09:49
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.